## അന്തരിച്ചു

### മൂസ

മുളിയാർ: അമ്മങ്കോട് പാറപ്പള്ളിയിലെ മൂസ (50) മംഗലാപുരം ആശുപത്രിയിൽ അന്തരിച്ചു. മലഞ്ചരക്ക് വ്യാപാരിയായിരുന്നു. ഏറെക്കാലമായി കാൻസർ ബാധയെ തുടർന്ന് ചികിൽസയിലായിരുന്നു. പരേതരായ അബ്ദുല്ല-മറിയമ്മ ദമ്പതികളുടെ മകനാണ്. സുലൈഖയാണ് ഭാര്യ. മക്കൾ: സവാദ്, സമീറ, ശംസീർ. സഹോദരങ്ങൾ: അബ്ദുൾ ഖാദർ, നഫീസ.



### യു കെ കുഞ്ഞിരാമൻ

നീലേശ്വരം: സ്വർണ തൊഴിലാളി കിഴക്കൻ കൊഴുവലിലെ യു കെ കുഞ്ഞിരാമൻ (71) അന്തരിച്ചു. ഭാര്യ: രജിത എ. (തലശ്ശേരി). മക്കൾ: ജിതിൻ മുംബൈ, അക്ഷയ. സഹോദരങ്ങൾ: ടി കുഞ്ഞമ്പു, യു കെ ദാമോദരൻ, യു കെ കാർത്ത്യായനി, യുകെ മാധവി.



### ബാബുപൂജാരി

കുമ്പള:യക്ഷഗാന കലാകാരൻ ഇച്ചിലംകോട് നന്ദ്രാടിയിലെ ടൈലർ ബാബു പൂജാരി(62) അന്തരിച്ചു. അവിവാഹിതനാണ്. സഹോദരങ്ങൾ: ശ്രീനിവാസ, കൃഷ്ണ, കമല, ലക്ഷ്മി, രത്ന.



### മുക്രി മുനീർ

മേൽപറമ്പ്:ഒറവങ്കരയിലെ മുക്രി അഹമ്മദ് - റുഖിയ ദമ്പതികളുടെ മകൻ ഒറവങ്കര മുക്രി മുനീർ (52) അന്തരിച്ചു. ഭാര്യ: ഉമൈബ, മക്കൾ: മുസഫർ, മുഹമ്മദ്, മുഫീദ, ഫാത്തിമ, മിൻഫ, മരുമകൻ: ഇസ്ഹാഖ്. സഹോദരങ്ങൾ: അബ്ദുൾ റഹ്മാൻ, ഷെരീഫ്, ഫാത്തിമത്ത്-സുഹ്റ, ദൈനബി, സെബിയ.



### എൻ എ കരുണാകരൻ

മാങ്ങാട്: ദീർഘകാലം പ്രവാസിയായിരുന്ന മാങ്ങാട് അമ്പാപുരം രാരീരത്തിൽ എൻ എ കരുണാകരൻ (കരുണൻ- 62) അന്തരിച്ചു. പരേതരായ അപ്പക്കുഞ്ഞി- വെള്ളച്ചി ദമ്പതികളുടെ മകനാണ്. ഭാര്യ: രാജശ്രീ. മക്കൾ: ഡോ. രാജി, ഋത്വിക്. മരുമകൻ: ഡോ. വിവേക്. സഹോദരങ്ങൾ: ക്യാപ്റ്റൻ കൃഷ്ണൻ, ഉപേന്ദ്ര, ദാമോദരൻ, കമലാക്ഷി, ഇന്ദിര, ലക്ഷ്മി, അജിത, മീനാക്ഷി, ഉഷ.



### മുരളി

മേൽപ്പറമ്പ്: കീഴൂർ കടപ്പുറത്തെ പരേതനായ രാമദാസിന്റെയും ജാനിയുടെയും മകൻ മുരളി (48) അന്തരിച്ചു. ഭാര്യ: പ്രഭ. മക്കൾ: സുരാഗ്, ശ്രിജിനിസഹോദരങ്ങൾ: സുരേന്ദ്രൻ, പുരേന്ദ്രൻ, മഹേന്ദ്രൻ, മണികണ്ഠൻ.



## യുവാവിനെ കാണാതായി

കുമ്പള: ഭർത്താവിനെ കാണാനില്ലെന്ന ഭാര്യയുടെ പരാതിയിൽ കുമ്പള പൊലീസ് കേസെടുത്ത് അന്വേഷണം തുടങ്ങി.കോയിപ്പാടി പേരാൽ സ്വദേശി ഷെരീഫി (36)നെയാണ് കാണാതായത്. ഈ മാസം 10ന് വീട്ടിൽ നിന്നും ഇറങ്ങിയ ഭർത്താവ് തിരിച്ചു വന്നില്ലെന്നാണ് ഭാര്യ ആമിന പൊലീസിൽ നൽകി യ പരാതിയിൽ പറയുന്നത്.

# സ്ഥാനാർത്ഥി നിർണ്ണയം മൂന്നു മുന്നണിയിലും പുരോഗമിക്കുന്നു : കാസർകോട്, മഞ്ചേശ്വരം താലൂക്കുകളിലെ പത്ത് ഗ്രാമപഞ്ചായത്തുകൾ പിടിച്ചെടുക്കാൻ ബി ജെ പി തന്ത്രം

കാസർകോട്: പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളിൽ ജില്ലയിൽ ബി ജെ പി മുന്നിട്ടു നിൽക്കുന്നു.

എൻ ഡി എ ക്കു ജില്ലയിൽ സഖ്യകക്ഷികൾ നാമമാത്രമായതിനാൽ സ്ഥാനാർത്ഥിത്വം സംബന്ധിച്ചു പാർട്ടിക്കുള്ളിലുണ്ടായിരുന്ന ഭിന്നതകൾ എളുപ്പത്തിൽ പറഞ്ഞു തീർക്കാൻ കഴിഞ്ഞു. ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലുമുള്ള സ്ഥാനാർത്ഥികളെ നിശ്ചയിച്ചു കഴിഞ്ഞതായും ജില്ലാ പഞ്ചായത്ത് സ്ഥാനാർത്ഥി ചർച്ച അന്തിമ ഘട്ടത്തിലെത്തിയിട്ടുണ്ടെന്നും ബി ജെ പി കേന്ദ്രങ്ങൾ അറിയിച്ചു.ഇടതു മുന്നണിയും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് സ്ഥാനാർത്ഥി ലിസ്റ്റ് പൂർത്തിയാക്കിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് സീറ്റ് വിഭജനവും ഏതാണ്ടു പൂർത്തിയായെങ്കിലും സഖ്യകക്ഷികളുടെ കടുംപിടിത്തം സി പി എമ്മിനു തലവേദനയായിട്ടുണ്ട്.

എങ്കിലും ഇന്നത്തോടെ ഇക്കാര്യത്തിൽ അന്തിമതീരുമാനമുണ്ടാക്കാൻ കഴിയുമെന്നു നേതൃത്വം പ്രതീക്ഷിക്കുന്നു.

യു ഡി എഫിൽ സ്ഥാനാർത്ഥികളെ അവർ സ്വയം തീരുമാനിച്ചിരുന്നതായി നേതാക്കൾ സൂചിപ്പിച്ചു. അതിൽ പലരേയും മാറ്റുന്നതിനും പാർട്ടിക്കു വേണ്ടവരെ നിറുത്തുന്നതിനുമുള്ള ശ്രമം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കോൺഗ്രസിനെപ്പോലെ മുസ്ലിംലീഗിലും വിമത പ്രശ്നമുണ്ടെങ്കിലും പത്രിക പിൻവലിക്കുന്നതോടെ സ്ഥാനാർത്ഥിത്വം സംബന്ധിച്ച ചിത്രം വ്യക്തമാവുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്ത് സ്ഥാനാർത്ഥി നിർണ്ണയം പൂർത്തിയാക്കിയ ബി ജെ പി, സ്ഥാനാർത്ഥികളോടു വാർഡ് കേന്ദ്രീകരിച്ചു പ്രവർത്തിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ജില്ലയിൽ കാസർകോട്, മഞ്ചേശ്വരം താലൂക്കുകൾ കേന്ദ്രീകരിച്ചാണ് ബി ജെ പി തിരഞ്ഞെടുപ്പു പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

ഈ താലൂക്കുകളിലെ 20 പഞ്ചായത്തുകളിൽ പത്തെണ്ണത്തിൽ ഭൂരിപക്ഷം നേടാനാണ് ബി ജെ പി ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പഞ്ചായത്തുകൾ പല ഘട്ടങ്ങളിൽ ബി ജെ പി ഭരണത്തിലായിരുന്നു. ഇതിനു പുറമെ ബി ജെ പി ഭരണം നടത്തിയിരുന്ന മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് തിരിച്ചു പിടിക്കാനും കാസർകോടു മുനിസിപ്പാലിറ്റിയിൽ വലിയ മുന്നേറ്റമുണ്ടാക്കാനും ബി ജെ പി തന്ത്രങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

# ബദിയഡുക്കയിൽ മുതിർന്ന നേതാവിനെ മൂലക്കിരുത്താൻ കോൺഗ്രസ് ശ്രമം: കൃഷ്ണഭട്ട് 14-ാം വാർഡിൽ ബി ജെ പി സ്ഥാനാർത്ഥി

ബദിയഡുക്ക: കോൺഗ്രസ് വിട്ട് ബി ജെ പിയിലെത്തിയ മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കെ എൻ കൃഷ്ണ ഭട്ട് ഈ തിരഞ്ഞെടുപ്പിൽ 14-ാം വാർഡായ പട്ടാജെയിൽ മത്സരിച്ചേക്കും. 14-ാം വാർഡിൽ കൃഷ്ണഭട്ട് മത്സരിക്കണമെന്നു ബി ജെ പി വാർഡ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും തീരുമാനിച്ചു. പട്ടാജെ വാർഡ് ബി ജെ പിയുടെ ശക്തികേന്ദ്രമാണ്. പക്ഷെ മത്സരിക്കുന്നതിനെ കുറിച്ച് കൃഷ്ണഭട്ട് തീരുമാനം എടുത്തിട്ടില്ല. ബി ജെ പിയുടെ മറ്റു വാർഡുകളുടെ സ്ഥാനാർത്ഥി പട്ടിക പൂർത്തിയാക്കി മണ്ഡലം- ജില്ലാ കമ്മിറ്റികളുടെ അനുമതിക്കയച്ചതായി പാർട്ടി പഞ്ചായത്ത് കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

പഞ്ചായത്തിൽ ജനറൽ സീറ്റുകളിൽ മത്സരിക്കുന്ന മുസ്ലീം ലീഗ് സ്ഥാനാർത്ഥികളെ കുറിച്ചും ഏകദേശ ധാരണയായതായി പാർട്ടി നേതാക്കൾ അറിയിച്ചു. 7-ാം വാർഡ് കടുപ്പംകുഴിയിൽ ഹമീദ് പള്ളത്തടുക്കയെ ഒഴിവാക്കി. ഇവിടെ സത്താറിനു സ്ഥാനാർത്ഥിത്വം നൽകും. ഹമീദ് പള്ളത്തടുക്കയെ ഒഴിവാക്കണമെന്നു ആവശ്യപ്പെട്ട് മുസ്ലീംലീഗ് 7-ാം വാർഡ് കമ്മിറ്റിയിലെ ഒരു വിഭാഗം രംഗത്തെത്തിയിരുന്നു. ഈ വാർഡിലെ മുൻ മെമ്പറാണ് ഹമീദ്.




9-ാം വാർഡിൽ പ്രസിഡന്റ് സ്ഥാനാർത്ഥി ശാന്തയെ മത്സരിപ്പിക്കാൻ നേരത്തെ തീരുമാനിച്ചിരുന്നു. എന്നാൽ ആ തീരുമാനം മാറ്റി. നിലവിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അൻവർ മത്സരിക്കും. പ്രസിഡന്റ് സ്ഥാനാർത്ഥിയെ 12-ാം വാർഡായ പെർഡാലയിൽ മത്സരിപ്പിക്കാനാണ് തീരുമാനം. മാഹിൻ കേളോട്ട് 10-ാം വാർഡായ ബീജന്തടുക്കയിൽ മത്സരിക്കുംയ ഈ വാർഡിൽ വില്ലേജ് ജീവനക്കാരനായിരുന്ന സൂപ്പിയെ പരിഗണിച്ചിരുന്നുവെങ്കിലും അവസാന നിമിഷം മാഹിൻ മുന്നേറുകയായിരുന്നുവെന്നു പ്രവർത്തകർ പറയുന്നു. 16വാർഡുകളിലെ സ്ഥാനാർത്ഥികളെ ഇന്നു തീരുമാനിക്കും. 18-ാം വാർഡിൽ നിലവിലെ മെമ്പറുടെ ഭർത്താവായ അബ്ദുൽ റഹ്മാനെ സ്ഥാനാർത്ഥിയാക്കാനും മുസ്ലീംലീഗ് തീരുമാനിച്ചു. കോൺഗ്രസ് സ്ഥാനാർത്ഥി പട്ടിക ഇന്നു പൂർത്തിയാകുമെന്നു നേതാക്കൾ പറഞ്ഞു. 2-ാം വാർഡിൽ ജയശ്രീയും 3-ാം വാർഡിൽ അബ്ബാസും, 5-ാം വാർഡിൽ നാസറും, 13-ൽ ഗംഗാധര ഗോളിയടുക്കയും സ്ഥാനാർത്ഥികളാകുമെന്ന് ഏതാണ്ട് ഉറപ്പിച്ചു കഴിഞ്ഞു. മറ്റു വാർഡുകളിലെ സ്ഥാനാർത്ഥികളെയും ഇന്നു തീരുമാനിക്കും.

കോൺഗ്രസിന്റെ 3-ാം വാർഡായ കന്യപ്പാടിയിലെയും 13-ാം വാർഡായ ഗോളിയടുക്കയിലെയും സ്ഥാനാർത്ഥികളെ തീരുമാനിക്കാനുള്ള ചുമതല മണ്ഡലം കമ്മിറ്റി ജില്ലാ കമ്മിറ്റിക്കു വിട്ടു. പാർട്ടിയുടെ മുതിർന്ന നേതാവ് ചന്ദ്രഹാസ റൈ 13-ാം വാർഡിൽ മത്സരിക്കാൻ ശ്രമം നടത്തിയിരുന്നു. എന്നാൽ ചന്ദ്രഹാസറൈ വാർഡിനു പുറത്തുള്ള ആളാണെന്നും അതുകൊണ്ട് അദ്ദേഹത്തെ അംഗീകരിക്കാനാവില്ലെന്നും പ്രവർത്തകർ വാശിപിടിച്ചതായി മണ്ഡലം ഭാരവാഹികൾ അറിയിച്ചു.

പകരം അതേ വാർഡുകാരനായ ഗംഗാധരയെ മത്സരിപ്പിക്കാൻ വാർഡ് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. കന്യപ്പാടി- മൂന്നാം വാർഡിലും ചന്ദ്രഹാസ റൈയുടെ പേരു വന്നിരുന്നു. അതേസമയം 3ൽ അബ്ബാസും 13ൽ ഗംഗാധരയും വോട്ട് പിടിത്തം ആരംഭിക്കുകയും ചെയ്തു. ബി ജെ പിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥി മല്ലടുക്ക 17-ാം വാർഡിൽ മത്സരിക്കുമെന്നു ഭാരവാഹികൾ പറഞ്ഞു.

# കെ വി സുജാത കാഞ്ഞങ്ങാട്ട് സി പി എമ്മിന്റെ ചെയർപേഴ്സൺ സ്ഥാനാർത്ഥി



കാഞ്ഞങ്ങാട്:കാഞ്ഞങ്ങാട് നഗരസഭാ അധ്യക്ഷസ്ഥാനത്തേയ്ക്ക് ഇത്തവണ എൽ ഡി എഫ് രംഗത്ത് ഇറക്കിയത് ചരിത്രാധ്യാപികയെ. ദുർഗ്ഗ ഹയർസെക്കന്ററി സ്കൂളിലെ ചരിത്രാധ്യാപികയാണ് 49 കാരിയായ കെ വി സുജാത. ചരിത്രത്തിൽ ബിരുദാനന്തര ബിരുദമുള്ള സുജാത മാണിയാട്ട് സ്വദേശിനിയാണ്. കാഞ്ഞങ്ങാടിന്റെ മരുമകളായ ഈ അധ്യാപിക ഉദിനൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ നിന്നു 1200ൽ 1026 മാർക്ക് നേടിയാണ് എസ് എസ് എൽ സി പരീക്ഷ പാസായത്. പടന്നക്കാട് എസ് എൻ ടി ടി ഐയിൽ നിന്നു ടി ടി സി പാസായി ദുർഗ്ഗ ഹൈസ്കൂളിൽ പ്രൈമറി അധ്യാപികയായി ഔദ്യോഗിക ജീവിതം തുടങ്ങി. ജോലിക്കിടെ ബിരുദാനന്തര ബിരുദവും ബി എഡും പൂർത്തിയാക്കി.

എസ് എഫ് ഐ തൃക്കരിപ്പൂർ ഏരിയാ ജോ. സെക്രട്ടറി, ജില്ലാ കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. കെ എസ് ടി എ ജില്ലാ ജോയന്റ് സെക്രട്ടറി, അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ കാഞ്ഞങ്ങാട് ഏരിയാ കമ്മറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ കൗൺസിലിൽ ആസൂത്രണ സമിതി അംഗമായിരുന്നതിനാൽ നഗരഭരണ കാര്യങ്ങളിൽ സുപരിചിത കൂടിയാണ്.

പ്രതികൂല ചുറ്റുപാടിൽ നിന്നു ഉയർന്നു വന്ന കെ വി സുജാത സി പി എമ്മിന്റെ ഉറച്ച കോട്ടയായ അതിയാമ്പൂർ വാർഡിൽ നിന്നാണ് മത്സരിക്കുന്നത്.

# മംഗൽപാടിയിൽ ബി ജെ പി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു

ഉപ്പള:മംഗൽപ്പാടി പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന പതിനാറ് ബി ജെ പി സ്ഥാനാർത്ഥികളുടെ പേരുകൾ പ്രഖ്യാപിച്ചു. 23 വാർഡുകളാണ് മംഗൽപ്പാടി പഞ്ചായത്തിലുള്ളത്. മൂന്നാംവാർഡ് മുളിഞ്ച-യശോദ, നാല് ഉപ്പള-ചന്ദ്രകാന്തഷെട്ടി, അഞ്ച് കോടിബയൽ-രഞ്ജിത്, ഏഴ് പ്രതാപനഗർ-സുധാഗണേഷ്, എട്ട് ബേക്കൂർ-ആശ, ഒൻപത് കുബണൂർ- ശ്യാമള, പതിനൊന്ന് ഹേരൂർ-ഉദയഗാംഭീർ, പന്ത്രണ്ട് ഉച്ചിലംകോട്-രശ്മി, പതിനാല് ഒളയം-അനിത, പതിനഞ്ച് ഷിറിയ-ഷർമ്മിള, പതിനാറ് ബന്തിയോട്-രജനി, പതിനേഴ് അട്ക്ക-കിഷോർകുമാർ, 18 മള്ളംകൈ- വിജയകുമാർ റൈ, 19 മംഗൽപ്പാടി-രേവതി, 20 പെരിങ്കടി ദിനേഷ്, 21 നയാബസാർ— രവി കെ എന്നിവരാണ് സ്ഥാനാർത്ഥികൾ. നിലവിൽ പഞ്ചായത്ത് ഭരണം യു ഡി എഫിനാണ്. പതിനെട്ട് അംഗങ്ങളാണ് യു ഡി എഫിനുള്ളത്.



ദേലമ്പാടി പഞ്ചായത്തിൽ നിന്നു ബി ജെ പിയിൽ ചേർന്ന സി പി എം കോൺ. പ്രവർത്തകർക്കു സ്വീകരണം നൽകിയപ്പോൾ

# ദേലമ്പാടിയിൽ സി പി എം- കോൺ പ്രവർത്തകർ ബി ജെ പിയിലേക്ക്

ദേലംപാടി: ദേലംപാടി പഞ്ചായത്തിലെ പഞ്ചിക്കൽ ബേളിപ്പാടിയിലെയും പയറടുക്കത്തെയും നിരവധി സിപിഎം, കോൺഗ്രസ് പ്രവർത്തകർ ബിജെപിയിൽ ചേർന്നു. ബിജെപി ജില്ലാ പ്രസിഡണ്ട് കെ ശ്രീകാന്ത് ഇവരെ സ്വീകരിച്ചു. ബിജെപി ദേശീയ കൗൺസിൽ അംഗം പ്രമീളാ സി നായക്, മുൻ എം എൽ സി മോണപ്പ ഭണ്ഡാരി, സുള്ള്യ താലൂക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെനിയ, ദക്ഷിണ കന്നഡ കർഷകമോർച്ച നേതാവ് മഹേഷ്, ബി ജെ പി ജില്ലാ ജന. സെക്രട്ടറി സുധാമ, മനുലാൽ, കർഷകമോർച്ച ജില്ലാ ജന. സെക്രട്ടറി ജയകുമാർ, മണ്ഡലം സെക്രട്ടറി രാജേഷ്, പഞ്ചായത്ത് പ്രസിഡന്റ് പ്രദീപ് കുമാർ, ദീലീപ്, ഗാഗാധരൻ പ്രസംഗിച്ചു.






## മകളുടെ വേർപാടിന്റെ രണ്ടാം ആണ്ടിൽ ഉമ്മയും യാത്രയായി



മൗവ്വൽ : മകൾ മരിച്ചതിന്റെ രണ്ടാം ആണ്ടിൽ അതേ സമയം തന്നെ മാതാവും മരിച്ചത് മവ്വൽ നിവാസികളിൽ ദുഃഖം പകർന്നു. മീത്തൽ മവ്വലിലെ പരേതനായ പടന്ന അബ്ബാസ് ഹാജിയുടെ ഭാര്യ ആയിഷ (75)ആണ് ബുധനാഴ്ച മരിച്ചത്. സുബൈദയെ കൂടാതെ ബീഫാത്തിമ, മറിയകുഞ്ഞി, മൈമൂന, മുഹമ്മദ് പടന്ന ഷാഫി എന്നിവർ മക്കളാണ്. മരുമക്കൾ: ആമു പരയങ്ങാനം, മൊയ്ദു പരയങ്ങാനം, മുഹമ്മദ് പടന്നക്കാട്, അബ്ബാസ് മവ്വൽ, മരുമക്കൾ: ഖദീജ മാങ്ങാട് ഉമ്മെമ മുക്കൂട്. സഹോദരൻ: അബൂബക്കർ ഹാജി മവ്വൽ.

## കടലിലെ കുളി നിരോധിച്ചു

നീലേശ്വരം:കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി നീലേശ്വരം നഗരസഭാ പരിധിയിൽ കടപ്പുറം കേന്ദ്രീകരിച്ച് നടക്കാറുള്ള ദീപാവലി -വാവുബലിയോടനുബന്ധിച്ചുള്ള കടലിലെ കുളി കർശ്ശനമായി നിരോധിച്ചതായി നഗരസഭാ സെക്രട്ടറി അറിയിച്ചു.

# ചന്ദനക്കേസ്:പ്രതിക്ക് വേണ്ടി അധികൃതർ ഇരുട്ടിൽ തപ്പുന്നെന്ന് പരാതി

കാഞ്ഞങ്ങാട്: വാടക ക്വാർട്ടേർസിൽ നിന്നും ചന്ദനം പിടികൂടിയ കേസിൽ പത്ത് ദിവസം കഴിഞ്ഞിട്ടും പ്രതികളെ പിടികൂടാതെ അധികൃതർ ഇരുട്ടിൽ തപ്പുന്നു.

ഈ മാസം രണ്ടിന് വനം വകുപ്പ് അധികൃതർക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് മുളിയാർ ആലൂർ തായത്ത് സ്വദേശി അബൂബക്കർ താമസിക്കുന്ന അജാനൂർ ഇട്ടമ്മലിലെ ക്വാർട്ടേർസിൽ നിന്നു ചന്ദനക്കട്ടികൾ കണ്ടെടുത്തത്. എന്നാൽ അബൂബക്കറിനെ പിടികൂടാൻ അധികൃതർക്കായില്ല.ചന്ദനം വാങ്ങുന്നതും വിൽക്കുന്നതും ക്വാർട്ടേർസിൽ പതിവായിരുന്നുവെന്ന് പരിസരവാസികൾ ആരോപിച്ചിരുന്നു. പ്രതിയെ പിടികൂടാൻ കഴിയാത്ത അധികൃതരുടെ നടപടിക്കെതിരെ നാട്ടുകാർ പ്രതിഷേധമുയർത്തി. രണ്ട് വർഷമായി ക്വാർട്ടേർസിൽ താമസമാക്കിയിരുന്ന അബൂബക്കറിന് കീഴിൽ ഇത്തരത്തിൽ പ്രവർത്തനത്തിന് ഇരുപതോളം ആളുകളും ഉണ്ടെന്ന് നാട്ടുകാർ ആരോപിച്ചിരുന്നു. ഒളിവിൽ കഴിയുന്ന അബൂബക്കറിനെ കണ്ടെത്താൻ വനം വകുപ്പ് അധികൃതർ പൊലീസുമായി സഹകരിച്ച് സൈബർ സെൽ സഹായം തേടിയെങ്കിലും ഇയാളെ ഇതുവരെ കണ്ടെത്താനായില്ല.

# നിധീഷ് കുമാറിന്റെ സത്യപ്രതിജ്ഞ തിങ്കളാഴ്ച; മഹാസഖ്യത്തിൽ വിള്ളൽ

പട്ന: തിരഞ്ഞെടുപ്പിന് ശേഷമുള്ള ആദ്യ എൻ ഡി എ യോഗം ഇന്ന് ബീഹാറിൽ നടക്കാനിരിക്കേ, മുഖ്യമന്ത്രിയായി നിധീഷ്കുമാർ വീണ്ടും ചുമതലയേൽക്കാൻ ധാരണയായി. സത്യപ്രതിജ്ഞ കോവിഡ് മാനദണ്ഢങ്ങൾക്കനുസരിച്ച് തിങ്കളാഴ്ച നടത്താനാണ് തീരുമാനം. എൻ ഡി എ യോഗത്തിനു ശേഷമായിരിക്കും ഔദ്യോഗിക പ്രഖ്യാപനം. പുതിയ മുഖ്യമന്ത്രിയെ എൻ ഡി എ തീരുമാനിക്കുമെന്ന് നിധീഷ് വ്യക്തമാക്കിയിരുന്നു. അതേ സമയം അവകാശവാദം ഉന്നയിക്കില്ലെന്നും അറിയിച്ചിരുന്നു.243 അംഗ ബീഹാർ നിയമസഭയിൽ 125 സീറ്റുകൾ നേടിയാണ് എൻ ഡി എ വീണ്ടും അധികാരത്തിലെത്തിയത്. എന്നാൽ മുഖ്യമന്ത്രിയായിരുന്ന നിധീഷ് കുമാറിന്റെ പാർട്ടിയേക്കാൾ അംഗബലം കൂടുതൽ ബി ജെ പി ക്കാണുള്ളത്. ഈ സാഹചര്യത്തിൽ ബി ജെ പി മുഖ്യമന്ത്രിസ്ഥാനത്തിന് വേണ്ടി അവകാശവാദമുന്നയിക്കാൻ ഇടയുണ്ടെന്ന് വാർത്തകളുണ്ടായെങ്കിലും പ്രധാനമന്ത്രിയും ബി ജെ പി നേതൃത്വവും നിധീഷ് കുമാർ തന്നെ മുഖ്യമന്ത്രിയാകുമെന്ന് വ്യക്തമാക്കിയതോടെയാണ് അനിശ്ചിതത്വം നീങ്ങിയത്.അതേസമയം എൻ ഡി എക്കെതിരെ പടനയിച്ച മഹാസത്യത്തിൽ വിള്ളലുകൾ രൂപപ്പെട്ടു. മഹാസഖ്യത്തിലെ പ്രധാന കക്ഷിയായ കോൺഗ്രസിനെതിരെ മറ്റൊരു സഖ്യകക്ഷിയായ സി പി ഐ (എം എൽ) പരസ്യ വിമർശനവുമായി രംഗത്ത് വന്നു. മഹാസഖ്യത്തിന് 110 സീറ്റുകളാണ് ലഭിച്ചത്.

# ആര്യതീർത്ഥയുടെ ചികിത്സാ സഹായം; മിഥിലാ ബസ് കാരുണ്യയാത്ര നടത്തി

കാസർകോട്: കരൾ മാറ്റി വയ്ക്കലിന് ഉദാരമതികളുടെ കാരുണ്യം കാത്ത് കൊച്ചി അമൃത ആശുപത്രിയിൽ കഴിയുന്ന ഇരിയയിലെ ആര്യതീർത്ഥയുടെ ചികിത്സക്കു കാസർകോട്- തലപ്പാടി റൂട്ടിലോടുന്ന മിഥില ബസ് ഇന്നലെ കാരുണ്യ യാത്ര നടത്തിക്കിട്ടിയ 10, 200 രൂപ സംഭാവന ചെയ്തു.

കോളിച്ചാൽ പ്രാന്തർകാവു സ്വദേശി നാരായണൻ- സുജാത ദമ്പതികളുടെ മകളും ഇരിയ സ്കൂൾ വിദ്യാർത്ഥിനിയുമാണ് 9 കാരിയായ ആര്യതീർത്ഥ. ഇരിയയിലെ വാടക വീട്ടിലാണ് ഇവർ താമസിക്കുന്നത്. കുട്ടിക്കു കരൾ മാറ്റി വയ്ക്കാൻ പിതാവാണ് കരൾ പകുത്തു നൽകുന്നത്.



ആര്യ തീർത്ഥയുടെ ചികിത്സാ സഹായത്തിന് മിഥില ബസ് നടത്തിയ കാരുണ്യ യാത്ര ട്രാഫിക് എസ് ഐ രഘൂത്തമൻ ഉദ്ഘാടനം ചെയ്യുന്നു



ആര്യതീർത്ഥ

കാരുണ്യയാത്രയിലൂടെ മിഥില ബസ് സമാഹരിച്ച തുക ബസ് ഡ്രൈവർ മുഹമ്മദ് റഫീഖും കണ്ടക്ടർ ജോബിയും ചേർന്നു കുട്ടി പഠിക്കുന്ന ഇരിയ സ്കൂളിലെ ഹെഡ് മാസ്റ്ററെ ഇന്നലെ ഏൽപ്പിച്ചു. കാരുണ്യ യാത്ര ട്രാഫിക് എസ് ഐ രഘൂത്തമൻ ഇന്നലെ രാവിലെ പുതിയ ബസ്സ്റ്റാന്റിൽ ഉദ്ഘാടനം ചെയ്തു.

## പ്രവാചക കീർത്തനങ്ങൾ പാടിയും പറഞ്ഞും ഇശ്ഖേ മജ്ലിസ്

കാസർകോട്: ഇബാദ് തുപ്പക്കൽ ചാരിറ്റബിൾ ട്രസ്റ്റ് നബിദിനത്തോടനുബന്ധിച്ചു ഇശ്ഖേ മജ്ലിസ് സംഘടിപ്പിച്ചു.പ്രവാചകനെക്കുറിച്ച് പാടിയും പറഞ്ഞും വർണ്ണിച്ച മജ്ലിസ് ശ്രദ്ധേയമായി. ഹസ്സൻ ഹുദവി ഉദ്ഘാടനം ചെയ്തു. സലാം ഹുദവി, അജ്മൽ ബാത്തിഷ്, ജബ്ബാർ ഫൈസി, ശിബിൻ മഹ്റൂഫ്, സൈലുദ്ദീൻ, നുഫ്മാൻ, റിയാസ്, ആസിഫ്, റാഷിദ് സംബന്ധിച്ചു. കോവിഡ് കാലത്ത് മയ്യിത്ത് പരിപാലന കർമ്മങ്ങൾക്കു നേതൃത്വം നൽകുന്ന വിഖായ പ്രവർത്തകൻ കബീർ ചേരൂറിനെ ട്രസ്റ്റ് സാരഥികൾ ആദരിച്ചു.



തുപ്പക്കലിൽ നടന്ന ഇശ്ഖേ മജ്ലിസ്

# കീഴൂർ ചന്ദ്രഗിരി ശാസ്താ ക്ഷേത്രത്തിൽ പാട്ടുത്സവം 15 ന് തുടങ്ങും

കീഴൂർ : കീഴൂർ ചന്ദ്രഗിരി ശാസ്താ ക്ഷേത്രത്തിൽ പാട്ടുത്സവം 15 മുതൽ 25 വരെ നടക്കും. കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് ലളിതമായ ചടങ്ങുകൾ മാത്രമേ ഉണ്ടാവുകയുള്ളൂ.

തുലാമാസത്തിലെ വാവും വൃശ്ചിക സംക്രമവും ഒരേ ദിവസം വരുന്നതിനാൽ തുടർച്ചയായി 10 ദിവസമാണ് പാട്ടുത്സവം. എല്ലാ ദിവസവും രാവിലെ 11ന് നവകം, മഹാപൂജയും വൈകുന്നേരം ദീപാരാധനയ്ക്ക് ശേഷം ശ്രീഭൂതബലി, അത്താഴ പൂജ, തിരുവായുധം എഴുന്നള്ളത്ത്, കളമെഴുത്ത് പാട്ട് എന്നിവയും ഉണ്ടായിരിക്കും. 15ന് രാവിലെ 10.30 നും 11.30നും മധ്യേ കൊടിയിലവെക്കൽ. തുടർന്ന് മഹാപൂജ.

വൈകുന്നേരം 4നും 5നും മധ്യേ പൊലിയന്ത്രം നാട്ടൽ ചടങ്ങ്. 18ന് രാവിലെ 8ന് പള്ളിപ്പുറം നാഗമൂല സ്ഥാനത്ത് അരിത്രാവൽ. 25ന് കളത്തിലരിയോടെ പാട്ടുത്സവം സമാപിക്കും. 29ന് വിഷ്ണുമൂർത്തിയുടെ കോല സ്വരൂപം അരങ്ങിലെത്തി ഭക്തർക്ക് ദർശനം നൽകും.


കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിറ്റ് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ-പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.


Vol -27, Issue No -219 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: 256225, Office: 256751, 255322, Circulation: 255725, Res:223237 P.B No: 26, E-Mail: karavaldaily@hotmail.com